# വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ജപ്പാൻ സന്ദർശിച്ചു (മാർച്ച് 7-9, 2024)

മാർച്ച് 9, 2024

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ 2024 മാർച്ച് 7-9-ന് ജപ്പാൻ സന്ദർശിച്ചു.

ജപ്പാൻ പ്രധാനമന്ത്രി ശ്രീ. ഫുമിയോ കിഷിദയുമായി കൂടിക്കാഴ്ച നടത്തിയ വിദേശകാര്യ മന്ത്രി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ ആശംസകൾ അദ്ദേഹത്തെ അറിയിച്ചു. ഇന്ത്യ-ജപ്പാൻ പ്രത്യേക തന്ത്രപ്രധാന, ആഗോള പങ്കാളിത്തത്തിൽ സമീപകാലത്തുണ്ടായ പുരോഗതികൾ വിദേശകാര്യ മന്ത്രി ജപ്പാൻ പ്രധാനമന്ത്രിയോട് വിശദീകരിക്കുകയും ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശം തേടുകയും ചെയ്തു.

മാർച്ച് 7-ന്, ജപ്പാൻ വിദേശകാര്യ മന്ത്രി ശ്രീമതി യോകോ കമികാവയുമായുള്ള പതിനാറാമത് ഇന്ത്യ-ജപ്പാൻ തന്ത്രപ്രധാന സംഭാഷണത്തിൽ പങ്കെടുത്ത വിദേശകാര്യ മന്ത്രി, രാഷ്ട്രീയ ബന്ധങ്ങൾ, വ്യാപാരം, നിക്ഷേപം, അടിസ്ഥാന സൗകര്യ മേഖലയിലെയും സാങ്കേതികവിദ്യയിലെയും സഹകരണം, വികസനപരമായ ഏകോപനം, പ്രതിരോധ, സുരക്ഷാ സഹകരണം, സാംസ്കാരിക ബന്ധങ്ങൾ, ജനങ്ങൾ തമ്മിലുള്ള വിനിമയങ്ങൾ എന്നിവ ഉൾപ്പെടെ ഇന്ത്യ-ജപ്പാൻ പ്രത്യേക തന്ത്രപ്രധാന, ആഗോള പങ്കാളിത്തം സംബന്ധിച്ച വിഷയങ്ങൾ അവലോകനം ചെയ്തു.  ഈ ബന്ധത്തെ സമകാലിക ആവശ്യങ്ങളെ കണക്കിലെടുത്ത് പ്രതികരണോന്മുഖമാക്കാനും ഇരു ജനതകൾക്കുമിടയിൽ മികച്ച ധാരണ വളർത്താനും ഇരു വിദേശകാര്യ മന്ത്രിമാരും സമ്മതിച്ചു. ബന്ധപ്പെട്ട സെമികണ്ടക്ടർ ഇക്കോസിസ്റ്റങ്ങൾ തയ്യാറാക്കുന്നതിനുള്ള സഹകരണം, ഹരിത സാങ്കേതികവിദ്യകൾ, പ്രതിരോധ ഉപകരണങ്ങളും സാങ്കേതികവിദ്യയും, ഡിജിറ്റൽ പേയ്മെൻ്റുകൾ, മൊബിലിറ്റി ക്രമീകരണങ്ങൾ, ഇന്ത്യയിൽ ജാപ്പനീസ് ഭാഷയുടെ പ്രോത്സാഹനം മുതലായവ ചർച്ചാ വിഷയങ്ങളായി. ഇന്തോ-പസഫിക്കിലെ ഇരു കൂട്ടർക്കും താൽപ്പര്യമുള്ള വിഷയങ്ങളും പ്രധാന ആഗോള സംഭവവികാസങ്ങളും സംഭാഷണത്തിൽ ഉൾപ്പെട്ടു.

LDP വൈസ് പ്രസിഡൻ്റ് ശ്രീ. ടാരോ അസോ, LDP സെക്രട്ടറി ജനറൽ ശ്രീ. തോഷിമിത്സു മൊട്ടേഗി ഉൾപ്പെടെയുള്ള മുതിർന്ന രാഷ്ട്രീയ

നേതാക്കളുമായും ജപ്പാൻ-ഇന്ത്യ അസോസിയേഷൻ ചെയർമാൻ ശ്രീ. യൊഷിഹിദെ സുഗയുമായും വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി പങ്കാളിത്തത്തിനുള്ള ശക്തമായ പിന്തുണ ഈ കൂടിക്കാഴ്ചകളിൽ പ്രകടമായിരുന്നു.

സന്ദർശന വേളയിൽ, ശ്രീമതി അക്കി അബെയെ കണ്ട വിദേശകാര്യ മന്ത്രി അന്തരിച്ച ജപ്പാൻ പ്രധാനമന്ത്രി ഷിൻസോ ആബെയുടെ മാതാവ് മാഡം യോക്കോ ആബെയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയുള്ള പ്രധാനമന്ത്രി മോദിയുടെ കത്ത് കൈമാറി.

സന്ദർശന വേളയിൽ വിദേശകാര്യ മന്ത്രി ജപ്പാനിലെ വിവിധ തുറകളിൽ നിന്നുള്ള ആളുകളുമായും നയ രൂപകർത്താക്കളുമായും സംവദിച്ചു. ടോക്കിയോയിൽ നടന്ന പ്രഥമ റയ്സിന റൗണ്ട്ടേബിളിൽ പങ്കെടുത്ത അദ്ദേഹം, മാറിക്കൊണ്ടിരിക്കുന്ന ആഗോള പ്രവണതകളുടെ മൊത്തത്തിലുള്ള പശ്ചാത്തലത്തിൽ ഇന്ത്യ-ജപ്പാൻ ഉഭയകക്ഷി ബന്ധത്തെക്കുറിച്ച് പ്രഭാഷണം നടത്തി. ഇന്ത്യ-ജപ്പാൻ പങ്കാളിത്തത്തെക്കുറിച്ചുള്ള നിക്കി ഫോറത്തെ അഭിസംബോധന ചെയ്ത വിദേശകാര്യ മന്ത്രി ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിലെ ചരിത്രപരവും നിലവിലുള്ളതുമായ ഗതിവിഗതികൾ വിവരിക്കുകയും പുതിയ സാധ്യതകൾ ചൂണ്ടിക്കാട്ടുകയും ചെയ്തു.

വിദേശകാര്യ മന്ത്രിയുടെ ജപ്പാൻ സന്ദർശനം നടന്നുകൊണ്ടിരിക്കുന്ന ഉഭയകക്ഷി സഹകരണം അവലോകനം ചെയ്യാനും ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രത്യേക തന്ത്രപ്രധാന, ആഗോള പങ്കാളിത്തത്തെ അതിന്റെ പത്താം വർഷത്തിൽ ഗുണപരമായി പരിവർത്തനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ അടുത്തറിയാനുമുള്ള അവസരമൊരുക്കി.

**ന്യൂഡൽഹി**
**മാർച്ച് 9, 2024**